തഹസിൽദാർ, ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊളമരാമത്ത് വകുപ്പ് എന്നീ 3 ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. ഇവർക്കെതിരെയുള്ള കേസുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അന്വേഷണ വിധേയമായി ശ്രീ. റ്റി. ഒ. സൂരജിനെ സർക്കാർ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

283 (285) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്;

(സി) സർക്കാർ സർവ്വീസിൽ അഴിമതി, കൈക്കൂലി തുടങ്ങിയവ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 3000-ത്തോളം സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നിലവിലുണ്ട്.

(ബി) അന്വേഷണം പൂർത്തിയായ 632 കേസുകളിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് കോടതികളിലായി ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്.

(സി) പൊതുജന പങ്കാളിത്തത്തോടെ അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, റാലികൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇവയുടെ പരസ്യം ഇതിനായി വ്യാപകമായി നൽകിയിട്ടുണ്ട്. മിന്നൽ പരിശോധന എല്ലാ വകുപ്പുകളിലും നടത്താൻ ശ്രമിക്കുന്നു. സ്കൂൾ തലങ്ങളിൽ അഴിമതിയ്ക്കെതിരെ ബോധവൽക്കരണം നടത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാതല വിജിലൻസ് കമ്മിറ്റികൾ നവീകരിച്ച് ഊർജ്ജിത ബോധവൽക്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വകുപ്പുകളിലെ വിജിലൻസ് മേധാവികളെ പങ്കെടുപ്പിച്ച് പരിശീലനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിചാരണ തടവുകാർ

284 (286) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിചാരണ തടവുകാർ എത്രയാണ്; ഇതിൽ മൂന്നു മാസത്തിലധികമായി തടവിൽ കഴിയുന്നവർ എത്ര ; ആറ് മാസത്തിലധികമായി തടവിൽ കഴിയുന്നവർ എത്ര ; ഒരു വർഷത്തിലധികമായി തടവിൽ കഴിയുന്നവർ എത്ര ;

(ബി) വിചാരണ തടവുകാരിൽ, കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കപ്പെട്ടവർ ആരെങ്കിലും ഉണ്ടോ ; എങ്കിൽ ആരൊക്കെ ;

(സി) ഇത്തരക്കാരെ വിട്ടയക്കാൻ സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ സുപ്രീംകോടതി വിധിയെ തുടർന്ന് എത്ര പേരെ വിട്ടയക്കുകയുണ്ടായി ; വിട്ടയക്കപ്പെടാൻ അർഹതയുള്ളവർ എത്ര പേരാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 4371 വിചാരണ തടവുകാരുണ്ട്. ഇവരിൽ 3 മാസത്തിൽ അധികമായി 839 പേരും ആറ് മാസത്തിലധികമായി 362 പേരും ഒരു വർഷത്തിൽ അധികമായി 103 പേരും തടവിൽ കഴിയുന്നുണ്ട്.

(ബി) കുറ്റക്കാരെന്ന് തെളിഞ്ഞാൽ ലഭിക്കാവുന്ന ശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കിയ വിചാരണ തടവുകാർ ആരുംതന്നെ സംസ്ഥാനത്തെ ജയിലുകളിലില്ല.

(സി) ബഹു. സുപ്രീം കോടതിയുടെ ഉത്തരവുണ്ടെങ്കിലും ഇത്തരത്തിലുള്ള വിചാരണ തടവുകാരും കേരളത്തിലെ ജയിലുകളിലില്ല.

ജയിലുകളിലെ അനിഷ്ട സംഭവങ്ങളുടെ വിശദവിവരങ്ങൾ

285 (287) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുകാർക്കിടയിൽ വർഗ്ഗീയവും രാഷ്ട്രീയവുമായ ചേരിതിരിവുകൾ ഉണ്ടാക്കുന്ന ഉദ്യോഗസ്ഥ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly